Page 1 of 1
LIBRARY ARCHIVES Kerala Legislative Assembly

## സർക്കാർ ഐ.ടി.ഐ.കൾ

**207 (5010)** ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 അധ്യയന വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ ഐ.റ്റി.ഐ.-കളിൽ പഠിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിരുന്നു; എത്ര പേർക്ക് പ്രവേശനം നൽകി; 2015-16 വർഷം എത്ര പേർക്കാണ് പ്രവേശനാവസരം ഉള്ളത് ;

(ബി) സി. ഒ. ഇ. സ്കീം, എം. ഐ. ഇ. എം. ആർ. റ്റി. വി. ട്രേഡുകൾ എന്നിവ ഈ അധ്യയന വർഷം നിർത്തലാക്കുമ്പോൾ എത്ര വിദ്യാർത്ഥികൾക്ക് സർക്കാർ ഐ. റ്റി. ഐ.- കളിൽ പഠനാവസരം നഷ്ടപ്പെടുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ അധ്യയന വർഷം പുതുതായി സർക്കാർ ഐ.റ്റി.ഐ.-കൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

### ഉത്തരം

(എ) 2014-15 അധ്യയന വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ.-കളിൽ അഡ്മിഷനുവേണ്ടി 2,19,823 അപേക്ഷകൾ ലഭിച്ചിരുന്നു. ടി വർഷത്തിൽ എൻ.സി.വി.റ്റി., എസ്.സി.വി.റ്റി., സി.ഒ.ഇ. ട്രേഡുകളിലായി ആകെ 16,624 കുട്ടികൾക്ക് അഡ്മിഷൻ നൽകിയിരുന്നു. 2015-16 വർഷത്തിൽ 18,291 പേർക്ക് പ്രവേശനാവസരമുണ്ട്.

(ബി) സി.ഒ.ഇ. സ്കീം, എം.ഐ.ഇ. (മെക്കാനിക്ക് ഇൻഡസ്ട്രിയൽ ഇലക്ട്രോണിക്സ്), എം.ആർ.ടി.വി. (മെക്കാനിക്ക് റേഡിയോ & ടെലിവിഷൻ) എന്നീ ട്രേഡുകൾ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം നിർത്തലാക്കുമ്പോൾ വിവിധ ഐ.ടി.ഐ. കളിലായി 2,907 സീറ്റുകളുടെ കുറവുണ്ടാകും. എന്നാൽ ടി (പഴയ) ട്രേഡുകൾ റീവാംബ് ചെയ്യുതിലൂടെ ആരംഭിക്കുന്ന പുതിയ ട്രേഡുകളിൽ അപേക്ഷകർക്ക് അവസരം ലഭ്യമാകുന്നതാണ്.

(സി) ഈ അധ്യയന വർഷം (2015-16) ചുവടെ ചേർത്തിരിക്കുന്ന ഐ.ടി.ഐ.കൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട് :

1. പാലക്കാട് ജില്ലയിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ എല്ലമ്പുലാശ്ശേരിയിൽ - ജി.ഒ.(എം.എസ്) നമ്പർ 67/2015/തൊഴിൽ, തീയതി 18-6-2015